# പതിനാലാം കേരള നിയമസഭ

# പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1717 10.03.2020-ൽ മറുപടിക്ക്

## വെടിയുണ്ടയും തോക്കും കാണാതായ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസിൽ വെടിയുണ്ടയും തോക്കും കാണാതായ സംഭവം സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. |
| (ബി) ഇത് സംബന്ധിച്ച് തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ക്യാമ്പിൽ നടത്തിയ പരിശോധനയിൽ വ്യാജ വെടിയുണ്ടകളും കാലിക്കേസുകളും കണ്ടെത്തിയിട്ടുണ്ടോ; | (ബി) വ്യാജ വെടിയുണ്ടകൾ കണ്ടെത്തിയിട്ടില്ല. കാലി കേയ്സുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതി എന്തെങ്കിലും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസിൽ ഒരു മന്ത്രിയുടെ ഗൺമാനെ പ്രതി ചേർത്തിട്ടുണ്ടോ; അദ്ദേഹത്തെ ഇതേവരെ ചോദ്യം ചെയ്യാത്തത് എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്താമോ; | (സി) നിലവിൽ ബഹു.ഹൈക്കോടതി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല. ഗൺമാനെ എഫ്.ഐ.ആർ പ്രതിപ്പട്ടികയിൽ ചേർത്തിട്ടുള്ളതും, ചോദ്യം ചെയ്തിട്ടുള്ളതുമാണ്. |
| (ഡി) വെടിയുണ്ട കാണാതായത് സംബന്ധിച്ച് സി.ആന്റ് എ.ജി. ആഡിറ്റ് ക്വറിയിൽ പരാമർശിച്ചപ്പോൾ സംസ്ഥാന പോലീസ് മേധാവി എച്ച്4/178579/പി.എച്ച്.ക്യു ഫയലിൽ ഉത്തരവ് നൽകിയിട്ടും, അന്വേഷണം മന്ദഗതിയിൽ ആയത് ഏത് സാഹചര്യത്തിലാണ്; | (ഡി) ഇക്കാര്യത്തിലുള്ള അന്വേഷണം മന്ദഗതിയിൽ ആയിട്ടില്ല. |
| (ഇ) രാജ്യത്തിന്റെ സുരക്ഷയെ ബാധിക്കുന്ന ഇത്തരം കേസുകളിൽ സത്വര അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (ഇ) അന്വേഷണം ത്വരിതഗതിയിൽ നടന്നുവരുന്നു. പ്രതികളുടെ പങ്ക് വെളിവാകുന്ന മുറയ്ക്ക് അനുയോജ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ